# സർക്കാർ പോളിടെക്നിക് കോളേജ് പാലാ

കാനാട്ടുപാറ, പാലാ പി.ഒ, കോട്ടയം 686575
ഫോൺ : 04822-200802 ഇമെയിൽ : gptcpala@yahoo.com
വെബ്സൈറ്റ് : www.gptcpala.org

നമ്പർ: D1/306/2025 തിയതി : 30-10-2025

## ക്വട്ടേഷൻ നോട്ടീസ് നം.04/2025-26

പാലാ ഗവഃ പോളിടെക്നിക് കോളേജിലെ വിദ്യാർത്ഥികൾക്കും ജീവനക്കാർക്കും വേണ്ടി ടി സ്ഥാപനത്തിൽ കാന്റീൻ നടത്തുവാൻ താല്പര്യമുള്ള വ്യക്തി/സ്ഥാപനങ്ങളിൽ നിന്നും അനുബന്ധമായി ചേർത്തിരിക്കുന്ന വ്യവസ്ഥകൾക്കും നിബന്ധനകൾക്കും വിധേയമായി ക്യാന്റീൻ പ്രവർത്തിപ്പിക്കുന്നതിനു മുദ്ര വെച്ച കവറിൽ ക്വട്ടേഷൻ ക്ഷണിച്ചു കൊള്ളുന്നു. കരാർ കാലവധി ഒരു വർഷമായിരിക്കും. പൂരിപ്പിച്ച ക്വട്ടേഷനുകൾ 15-11-2025 12:00 PM മണിക്ക് മുൻപായി ലഭിച്ചിരിക്കേണ്ടതാണ്.

ക്വട്ടേഷനുകൾ 17-11-2025 തീയ്യതി 11.00 AM മണിക്ക് തുറക്കുന്നതായിരിക്കും . കാന്റീൻ നടത്തുവാൻ തയ്യാറുള്ള കുടുംബശ്രീ യൂണിറ്റുകൾക്ക് മുൻഗണന നൽകുന്നതാണ്. ക്യാന്റീനിൽ നൽകേണ്ടുന്ന ഭക്ഷണ സാധനങ്ങളുടെ അളവും പട്ടികയും ഇതോടൊപ്പം ചേർക്കുന്നു.കുറഞ്ഞത് 1 രൂപയുടെ ഗുണിതങ്ങളായി വേണം വില രേഖപ്പെടുത്താൻ.

| ക്രമ നമ്പർ | ഇനം | അളവ് |
|---|---|---|
| 1 | ഊണ് | നല്ല കുത്തരി ഉപയോഗിച്ച് ആവശ്യാനുസരണം (വിഭവങ്ങൾ -മോര് , സാമ്പാർ , അവിയൽ, തോരൻ, അച്ചാർ , പപ്പടം ) |
| 2 | ദോശ | 80 ഗ്രാം |
| 3 | പുട്ട് | 150 ഗ്രാം |
| 4 | പൊറോട്ട | 100 ഗ്രാം |
| 5 | ചപ്പാത്തി | 3 ചപ്പാത്തി , കറി |
| 6 | അപ്പം | 80 ഗ്രാം |
| 7 | ഇടിയപ്പം | 80 ഗ്രാം |
| 8 | ഇഡ്ഡലി | 80 ഗ്രാം |
| 9 | ഇലയട | 80 ഗ്രാം |
| 10 | സുഖിയൻ | 80 ഗ്രാം |
| 11 | പരിപ്പുവട | 50 ഗ്രാം |
| 12 | ബോണ്ട | 80 ഗ്രാം |
| 13 | ബോളി | 80 ഗ്രാം |
| 14 | ഉള്ളിവട | 80 ഗ്രാം |
| 15 | മീൻ കറി, മീൻ വറുത്തത് | |
| 16 | കപ്പ | |
| 17 | കിഴങ്ങുകറി | 120 ഗ്രാം |
| 18 | കടലക്കറി | 120 ഗ്രാം |
| 19 | വെജിറ്റബിൾ കറി | |
| 20 | ഓംലെറ്റ് (സിംഗിൾ) | |
| 21 | ഓംലെറ്റ് (ഡബിൾ) | |

| | | |
|---|---|---|
| 22 | ചായ | 180 മില്ലി |
| 23 | കാപ്പി | 180 മില്ലി |
| 24 | ബ്രൂ കാപ്പി | 180 മില്ലി |
| 25 | ബിരിയാണി | |
| 26 | മുട്ടക്കറി | |
| 27 | ബീഫ് കറി/ ബീഫ് ഫ്രൈ | 150 ഗ്രാം |
| 28 | ചിക്കൻ കറി/ ചിക്കൻ ഫ്രൈ | 150 ഗ്രാം |
| 29 | നാരങ്ങാ വെള്ളം | 250 മില്ലി |
| 30 | കട്ടൻ ചായ, കട്ടൻ കാപ്പി | 180 മില്ലി |

ക്വട്ടേഷനുകൾ അയക്കുമ്പോൾ കവറിൽ ക്വട്ടേഷൻ നമ്പർ രേഖപ്പെടുത്തേണ്ടതാണ്.ക്വട്ടേഷൻ സമർപ്പിക്കുന്ന വ്യക്തികൾ/യൂണിറ്റുകൾ പൂർണ്ണമായ മേൽവിലാസവും ബന്ധപ്പെടുന്നതിനു ഫോൺ നമ്പറും ഉൾപ്പെടുത്തേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഓഫീസ് സമയത്ത് നേരിട്ടോ അല്ലെങ്കിൽ 04822 – 200802 എന്ന ഫോൺ നമ്പറിലേ ബന്ധപ്പെടാവുന്നതാണ്.

വിശ്വസ്തതയോടെ,

**Signed by Reinu B Jose**
**Date: 30-10-2025 11:33:19**

റീനു ബി ജോസ്
പ്രിൻസിപ്പാൾ

പകർപ്പ്:-

1. സി.ഡി.എസ് ചെയർപേഴ്സൺ, പാലാ
2. സെക്രട്ടറി, മുനിസിപ്പാലിറ്റി, പാലാ (താങ്കളുടെ സ്ഥാപനത്തിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിനായി)
3. വില്ലേജ് ഓഫീസർ, വില്ലേജ് ഓഫീസ്, പാലാ(താങ്കളുടെ സ്ഥാപനത്തിലെ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുന്നതിനായി)
4. ഈ സ്ഥാപനത്തിന്റെ വെബ്സൈറ്റ്.
4. വ്യാപക പ്രചരണത്തിനു.

This document is digitally signed. Hence, physical signature is not required.

നമ്പർ: D1/306/2024 തിയതി : 30-10-2025

## ക്വട്ടേഷൻ നോട്ടീസ് നം.04/2025-26

# അനുബന്ധം

### പാലാ സർക്കാർ പോളിടെക്നിക് കോളേജ് കാന്റീൻ നടത്തിപ്പിനുള്ള നിബന്ധനകൾ

1. ക്വട്ടേഷൻ വിളിച്ചത് പ്രകാരം കാന്റീൻ നടത്തിപ്പ് ലഭിക്കുന്ന കരാറുകാരൻ 220 രൂപയുടെ മുദ്രപത്രത്തിൽ കരാർ ഉടമ്പടി ഒപ്പുവെച്ച് ഈ സ്ഥാപനത്തിൽ ലഭ്യമാക്കേണ്ടതാണ്.
2. കരാറിന്റെ കാലാവധി ഒരു വർഷമായിരിക്കും.
3. കരാർ കാലയളവിൽ മാസവാടകയായി കരാറുകാരൻ 300 രൂപ മുടക്കം കൂടാതെ ഒടുക്കേണ്ടതാണ്.
4. കാന്റീൻ നടത്തിപ്പിനായി 3,000/- രൂപ ഡിപ്പോസിറ്റായി ഓഫീസിൽ അടച്ച് രസീത് കൈപ്പറ്റേണ്ടതാണ്. ഈ തുക കരാർ കാലാവധി തൃപ്തികരമായി പൂർത്തിയാക്കിയശേഷം കരാറുകാരന് തിരികെ നൽകുന്നതാണ്. കാലവധി പൂർത്തിയാകുന്നതിനു മുൻപ് സ്വമേധയാ പ്രവർത്തനം അവസാനിപ്പിക്കുകയാണെങ്കിൽ ഡെപ്പോസിറ്റ് തുക ഒരു കാരണവശാലും തിരകെ നൽകുന്നതല്ല.
5. കാന്റീൻ നടത്തിപ്പ് സംബന്ധിച്ചുള്ള കരാർ കരാറുകാരൻ ലംഘിച്ചിട്ടുണ്ടെന്ന് ബോദ്ധ്യപ്പെട്ടാൽ ടി തുക സർക്കാരിലേക്ക് കണ്ടു കെട്ടുന്നതും അതിനു പുറമെ, പ്രിൻസിപ്പാൾ നിശ്ചയിക്കുന്ന നഷ്ടപരിഹാരവും കരാറുകാരൻ നൽകേണ്ടതാണ്.
6. കാന്റീൻ പ്രവർത്തനം കോളേജ് കാന്റീൻ കമ്മിറ്റിയുടെ നിരീക്ഷണത്തിൽ ആയിരിക്കും. കരാർ എപ്പോ വേണമെങ്കിലും റദ്ദ് ചെയ്യുന്നതിനുള്ള അധികാരം കോളേജ് പ്രിൻസിപ്പാളിൽ നിക്ഷിപ്തമായിരിക്കും.
7. കാന്റീനും പരിസരവും വൃത്തിയായി സൂക്ഷിക്കേണ്ടതാണ്. അവിടെ ഉണ്ടാകുന്ന മാലിന്യം സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും നിയമാനുസൃതം പുറത്തേക്കു നീക്കം ചെയ്യേണ്ടതാണ്.
8. കരാറുകാരൻ അംഗീകൃത സർക്കാർ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ FSSAI ലൈസൻസ്, ആധാർ കാർഡിന്റെ പകർപ്പ് എന്നിവ ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. കരാറിൽ ഏർപ്പെടുന്ന സമയം FSSAI ലൈസൻസ് ഇല്ലാത്തപക്ഷം ആയത് അടിയന്തരമായി ലഭ്യമാക്കി ഈ സ്ഥാപനത്തിൽ സമർപ്പിക്കേണ്ടതാണ്. കൂടാതെ കാലകാലങ്ങളിൽ സർക്കാർ/ ആരോഗ്യവകുപ്പ്/ മുനിസിപ്പാലിറ്റി പുറത്തിറക്കുന്ന ഉത്തരവുകളും നിബന്ധനകളും നിർദ്ദേശങ്ങളും വീഴ്ച കൂടാതെ പാലിക്കേണ്ടതാണ്.അല്ലാത്ത പക്ഷം ഉണ്ടാവുന്ന നിയമപരവും അല്ലാത്തതുമായ ബാധ്യതകൾക്ക് കരാറുകാരൻ ഉത്തരവാദിയായിരിക്കുന്നതുാണ്.
9. കാന്റീൻ എല്ലാ സർക്കാർ പ്രവൃത്തി ദിനങ്ങളിലും പ്രവർത്തിക്കേണ്ടതാണ്.
10. കാന്റീൻ നടത്തിപ്പിനായുള്ള ഇന്ധനവും പാത്രങ്ങളും മറ്റ് സാമഗ്രഹികളും കരാറുകാരൻ സ്വന്തം നിലയിൽ കണ്ടെത്തേണ്ടതാണ്.
11. കാൻറീനിൽ ജീവനക്കാർക്കും വിദ്യാർത്ഥികൾക്കും പ്രത്യേകം സ്ഥലസൗകര്യം ഏർപ്പെടുത്തേണ്ടതാണ്. ജീവനക്കാർക്കുള്ള ഭാഗത്ത് വിദ്യാർത്ഥികളെ അനുവദിക്കാൻ പാടില്ലാത്തതുമാകുന്നു. ടി ഭാഗം വ്യക്തമായി വായിക്കാവുന്ന വിധത്തിൽ എഴുതി/പ്രിന്റ് ചെയ്ത് പ്രദശിപ്പിക്കേണ്ടതാണ്.
12. ക്വട്ടേഷൻ സമർപ്പിച്ചതു പ്രകാരമുള്ള അംഗീകരിച്ച വിലവിവരപ്പട്ടിക കുറഞ്ഞത് 1 Mx1 M നീളമുള്ള ബോർഡിൽ എഴുതി/പ്രിന്റ് ചെയ്ത് പ്രദർശിപ്പിക്കേണ്ടതും, ടി നിരക്കിൽ കൂടുതൽ വില ഈടാക്കുവാൻ പാടില്ലത്തതുമാണ്.

13. കാന്റീൻ നടത്തുവാനാവശ്യമായ വെള്ളം കോളേജിൽ ലഭ്യമായ പൈപ്പിൽ നിന്നും കരാറുകാരന് നൽകുന്നതാണ്. ഏതെങ്കിലും കാരണവശാൽ പൈപ്പിൽ വെള്ളം ലഭ്യമാകാത്ത പക്ഷം കരാറുകാരൻ സ്വന്തം നിലയിൽ വെള്ളം ലഭ്യമാക്കേണ്ടതാണ്.
14. ഭക്ഷണസാധനങ്ങൾ ക്വട്ടേഷൻ പ്രകാരമുള്ള യഥാർത്ഥ അളവിലും തൂക്കത്തിലും രുചികരമായി തയ്യാറാക്കി പരാതികൾക്കിടയാകാതെ കാൻറീനിൽ ലഭ്യമാക്കേണ്ടതാണ്.
15. സർക്കാർ പ്രവൃത്തി ദിനങ്ങളിൽ ഹോസ്റ്റലിൽ താമസിക്കുന്നവർ ആവശ്യപ്പെടുന്ന പക്ഷം, രാത്രിഭക്ഷണം കാന്റീൻ നിരക്കിൽ ലഭ്യമാക്കേണ്ടതാണ്.
16. കാന്റീനിലെത്തുന്ന വിദ്യാർത്ഥികളോടും ജീവനക്കാരോടും കരാറുകാരനും കാന്റീൻ ജീവനക്കാരും മാന്യമായി പെരുമാറേണ്ടതാണ്.
17. വിദ്യാർത്ഥികൾക്കും ജീവനക്കാർക്കും തടസ്സമാകാത്തവിധം പുറമേ നിന്നുള്ളവർക്ക് കാൻറീനിൽ നിന്നും ഭക്ഷണസാധനങ്ങൾ വിൽക്കുന്നത് പ്രിൻസിപ്പാളിൻറെ മുൻകൂർ അനുമതിയോടു കൂടി മാത്രമായിരിക്കണം.
18. എൻ.എസ്സ്.എസ്സ്, എൻ.സി.സി, സ്പോട്സ് എന്നിവയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കോളേജിൽ വച്ച് നടത്തപ്പെടുന്ന ദിവസങ്ങളിൽ ബന്ധപ്പെട്ട കോ-ഓർഡിനേറ്റർമാർ ആവശ്യപ്പെടുന്ന അളവിലുള്ള ഭക്ഷണം കാന്റീൻ നിരക്കിൽ നൽകേണ്ടതാണ്.
19. ഭക്ഷണം കഴിക്കുന്നതിനൊഴികെ മറ്റൊരു കാരണവശാലും വിദ്യാർത്ഥികളെ കാൻറീനിൽ പ്രവേശിപ്പിക്കുവാനോ വിശ്രമിക്കാനോ അനുവദിക്കരുത്. ഭക്ഷണവിതരണം നടത്തുന്ന മുറികളിലല്ലാതെ മറ്റു സ്ഥലങ്ങളിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാൻ പാടില്ല.
20. കാൻറീനിൽ പുകവലി, മുറുക്ക്, മദ്യം, മറ്റു ലഹരി പദാർത്ഥങ്ങൾ എന്നിവ ഉപയോഗിക്കാൻ അനുവദിക്കുകയോ, പ്രോത്സാഹിപ്പിക്കുവാനോ പാടില്ല.
21. ഗ്യാസ് സിലണ്ടർ, വിറക് എന്നിവ പാചകത്തിനായി ഉപയോഗിക്കേണ്ടതാണ്. ജലം, വൈദ്യുതി തുടങ്ങിയ സൗകര്യങ്ങൾ യാതൊരു രീതിയിലും ദുരുപയോഗം ചെയ്യുവാൻ പാടില്ല. പാചകത്തിനായി കാന്റീനിൽ ഹീറ്റർ, ഇൻഡക്ഷൻ കുക്കർ തുടങ്ങിയ ഇലക്ട്രിക് ഉപകരണങ്ങൾ യാതൊരു കാരണവശാലും ഉപയോഗിക്കുവാൻ പാടില്ല.
22. കാന്റീനിൽ നിലവിൽ ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ഇലക്ട്രിക് ബൾബ്, ട്യൂബ്, ഫാൻ തുടങ്ങിയവയുടെ അറ്റകുറ്റപ്പണികൾ കരാറുകാരൻ സ്വന്തം നിലയിൽ ചെയ്യേണ്ടതും കരാർ കാലാവധി പൂർത്തിയാകുമ്പോൾ പ്രവർത്തനക്ഷമമായ രീതിയിൽ തിരികെ ഏൽപ്പിക്കേണ്ടതുമാണ്.
23. കാന്റീനിലെ ഉപയോഗത്തിനായി നൽകിയിട്ടുള്ള ഫർണീച്ചറുകൾ കരാർ കാലാവധിക്ക് ശേഷം കേടുപാടുകൾ കൂടാതെ തിരികെ ഏൽപ്പിക്കേണ്ടതുമാണ്.
24. കരാറുകാരൻ, കെട്ടിടങ്ങൾക്കോ മറ്റ് സർക്കാർ സ്വത്തുകൾക്കോ യാതൊരു കേടുപാടുകളും വരുത്തുവാൻ പാടില്ലാത്തതും അങ്ങനെ സംഭവിച്ചാൽ കരാറുകാരനിൽ നിന്നും പ്രസ്തുത നഷ്ടം ഈടാക്കുന്നതുമായിരിക്കും.
25. ഒഴിവാക്കാനാവാത്ത സാഹചര്യമുണ്ടായാൽ പ്രിൻസിപ്പാളിൻറെ മുൻകൂർ അനുമതി ലഭിച്ചാൽ മാത്രമേ കാൻറീനിൽ പ്രവർത്തനം തടസപ്പെടാൻ പാടുള്ളൂ. ഇത് കരാർ കാലാവധിക്കിടയിൽ പരമാവധി അഞ്ച് ദിവസമായിരിക്കും. ഇതിലധികം ദിവസം കാന്റീൻ പ്രവർത്തിക്കാതിരുന്നാൽ കാന്റീൻ കമ്മിറ്റി നിശ്ചയിക്കുന്നനിരക്കിൽ പിഴ ഒടുക്കേണ്ടതാണ്.
26. മുകളിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾക്കു പുറമേ സർക്കാർ കാലാകാലങ്ങളിൽ നൽകുന്ന നിർദ്ദേശങ്ങൾ അനുസരിക്കാനും നടപ്പിൽ വരുത്താനും കരാറുകാരൻ ബാദ്ധ്യസ്ഥനാണ്.

**This document is digitally signed. Hence, physical signature is not required.**